പ്ലസ് ടൂ കോഴ്സിന് നൽകിയ അപേക്ഷകൾ

46(451) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സ്കൂൾ വർഷത്തിൽ എത്ര സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്നതിന് എൻ.എസ്.എസ്.-ഉം എസ്.എൻ.ഡി.പി. യും അപേക്ഷ നൽകിയിരുന്നു ;

(ബി) അതിൽ എത്ര സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് അനുവദിച്ചു ;

(സി) എൻ.എസ്.എസ്., എസ്.എൻ.ഡി. പി. എന്നിവ നടത്തുന്ന എത്ര കോളേജുകളിൽ ഈ വർഷം പ്രീഡിഗ്രി കോഴ്സ് നിർത്തലാക്കി ;

(ഡി) പ്രസ്തുത സംഘടനകൾ നടത്തുന്ന സ്കൂളുകളിൽ എത്ര സീറ്റുകൾ കുറഞ്ഞു ;

(ഇ) അവർ ഓരോരുത്തർക്കും എത്ര പ്ലസ് ടൂ സീറ്റുകൾ വീതം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൻ.എസ്.എസ് 35
എസ്.എൻ.ഡി. പി. 6

(ബി) എൻ.എസ്.എസ് 9
എസ്.എൻ.ഡി. പി. 6

(സി) എൻ.എസ്.എസ്.ന്റെ 14 കോളേജുകളിലും എസ്.എൻ.ഡി. പി.യുടെ 13 കോളേജുകളിലും പ്രീഡിഗ്രി നിർത്തലാക്കി.

(ഡി) സ്കൂളുകളിൽ സീറ്റുകൾ കുറഞ്ഞിട്ടില്ല.

(ഇ) സീറ്റുകളുടെ കാര്യത്തിൽ അവസാനതീരുമാനമായിട്ടില്ല.

പ്ലസ് ടൂ അനുവദിച്ച കേസ്

47(454) ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. കുട്ടി മുഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പുതുതായി പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ആദ്യം അനുവദിച്ച പ്ലസ്ടു ബാച്ചിൽ സ്വാഭാവിക നീതി നിഷേധിക്കപ്പെടുമെന്ന കാരണത്താൽ സുപ്രീംകോടതിയിൽ കേസുകൾ ഉണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത കേസ്സിലെ കക്ഷികൾ ആരൊക്കെയായിരുന്നു ;

(ഡി) പ്രസ്തുത കേസ്സിൽ സുപ്രീംകോടതി സംസ്ഥാന സർക്കാർ പ്ലസ്ടു കോഴ്സുകൾ അനുവദിച്ചതിനു സ്വീകരിച്ച മാനദണ്ഡത്തെക്കുറിച്ച് വിശദാംശം ആവശ്യപ്പെട്ടിരുന്നുവോ ;

(ഇ) സുപ്രീംകോടതി ആവശ്യപ്പെട്ട വിശദാംശം സർക്കാർ നൽകിയിരുന്നുവോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാനദണ്ഡം വ്യക്തമാക്കുന്ന ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) ഉണ്ട്. മുളമന ആനാകുടി ഹൈസ്ക്കൂൾ, കൊട്ടാരക്കര വെണ്ടാർ വിദ്യാധിരാജാ മെമ്മോറിയൽ ഹൈസ്ക്കൂൾ, മുസ്ലീം വിദ്യാഭ്യാസ സംരക്ഷണ സമിതി, മുതുകുളം സമാജം ഹൈസ്ക്കൂൾ തുടങ്ങിയവർ കേസിൽ കക്ഷികളായിരുന്നു.

(ഡി) ആവശ്യപ്പെട്ടിരുന്നു.

(ഇ) നൽകിയിരുന്നു. പ്രീഡിഗ്രി വേർപ്പെടുത്തുന്നതു വഴി സംജാതമാവുന്ന വിദ്യാഭ്യാസ ആവശ്യകതയും ഭൗതികസാഹചര്യങ്ങളുടെ ലഭ്യതയും പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയും എല്ലാം മാനദണ്ഡങ്ങളിൽ ഉൾപ്പെടും.

പ്ലസ് ടു കോഴ്സുകളിലെ സീറ്റുകൾക്ക് സംവരണം

48(456) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു കോഴ്സ് ഹൈസ്ക്കൂളിലേയ്ക്ക് മാറ്റിയതിനാൽ സംവരണ സമുദായങ്ങൾക്ക് പ്രീഡിഗ്രിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണ സീറ്റുകൾ പ്ലസ് ടു വിഭാഗത്തിലും ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോ ;

(സി) പ്രൈവറ്റ് മാനേജുമെന്റ് നടത്തുന്ന സ്കൂളുകൾ പ്ലസ് ടു വിഭാഗത്തിൽ കമ്മ്യൂണിറ്റി ക്വാട്ട തത്വം തുടർന്നും ഉറപ്പു വരുത്തുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly